## അന്തരിച്ചു

### അബ്ദുൽ ഖാദർ സി എച്ച്

മൊഗ്രാൽ പുത്തൂർ: ബദർ നഗർ ജുമാ മസ്ജിദ് മുൻ ഭാരവാഹി മൊഗ്രാൽ പുത്തൂർ ചൗകി കുന്നിലിലെ കസായി അന്ത്ക്കായി എന്നറിയപ്പെടുന്ന അബ്ദുൽ ഖാദർ സി എച്ച് (81)അന്തരിച്ചു. ഭാര്യ ആസിയ മക്കൾ നബിസ, അബ്ദുൽസലാം ദുബായ്,നസിയ,മൈമൂന,റഫീഖ് കുന്നിൽ,സൗദ അസറുദ്ദീൻ ഖത്തർ,ഫാസിത,നവാസ് ഖത്തർ മരുമക്കൾ,റംല,കൈറുന്നിസ,റംസീന,മുഹമ്മദലി ,റാഫി,അബൂബക്കർ,യൂസഫ്, റിയാസ്,.

## 364ഗ്രാം സ്വർണ്ണവുമായി വിദ്യാനഗർ സ്വദേശി അറസ്റ്റിൽ

കാസർകോട്: പശ രൂപത്തിലാക്കിയ സ്വർണ്ണം കട്ടി കൂടിയ കടലാസിൽ തേച്ചു പിടിപ്പിച്ച് ട്രോളി ഭാഗത്തെ പാളികൾക്കിടയിൽ ഒളിപ്പിച്ചു കടത്തിയ വിദ്യാനഗർ സ്വദേശി അറസ്റ്റിൽ. വിദ്യാനഗറിലെ അഫ്സദ് ഇർഫാ (23)നെയാണ് മംഗ്ളൂരു രാജ്യാന്തര വിമാന താവളത്തിൽ കസ്റ്റംസ് പിടികൂടിയത്. ഇയാളിൽ നിന്നു 17,54,480 രൂപ വിലമതിക്കുന്ന 364 ഗ്രാം സ്വർണ്ണം പിടികൂടി. ഇന്നലെ പുലർച്ചെ ദുബൈയിൽ നിന്നും എത്തിയ എയർ ഇന്ത്യാ എക്സ്പ്രസ് വിമാനത്തിലെ യാത്രക്കാരനായിരുന്നു. വിശദമായ പരിശോധനയിലാണ് സ്വർണ്ണം കണ്ടെടുത്തത്.

## മഡ്ക്ക: മൂന്നുപേർ അറസ്റ്റിൽ

ബന്തിയോട്: ബന്തിയോടു ടൗണിലെ രണ്ടു കടകളിൽ മഡ്ക്ക കളിക്കുകയായിരുന്ന മൂന്നുപേരെ കുമ്പള എസ് ഐ കെ അനീഷ് അറസ്റ്റ് ചെയ്തു. 4350 രൂപ പിടിച്ചെടുത്തു. അടുക്കയിലെ ഭാസ്ക്കര, ബന്തിയോട്ടെ ആനന്ദ, യൂസഫ് എന്നിവരെയാണ് അറസ്റ്റ് ചെയ്തതെന്നു പൊലീസ് പറഞ്ഞു.

## വളർത്തു നായയുടെ ആക്രമണം; ഉടമയ്ക്കെതിരെ കേസ്

കാഞ്ഞങ്ങാട്: കളിക്കുന്നതിനിടയിൽ പത്തു വയസ്സുകാരനു വളർത്തു നായയുടെ കടിയേറ്റ സംഭവത്തിൽ പൊലീസ് കേസെടുത്തു. മാവുങ്കാൽ കാട്ടു കുളങ്കരയിലെ വി വി മനോജിന്റെ മകൻ അശ്വി (10)നു ആണ് കഴിഞ്ഞ മാസം 25ന് വളർത്തു നായയുടെ കടിയേറ്റത്. ഗുരുതരമായി പരിക്കേറ്റ അശ്വിനെ മംഗ്ളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിരുന്നു. സംഭവത്തിൽ നായയുടെ ഉടമ കുഞ്ഞമ്പുവിനെതിരെയാണ് പൊലീസ് കേസെടുത്തത്.

## ജില്ലയിൽ 93 പേർക്ക് കൂടി കോവിഡ്, 158 പേർക്ക് രോഗമുക്തി

കാസർകോട് : ജില്ലയിൽ 93 പേർ കൂടി കോവിഡ് 19 പോസിറ്റീവായി. ചികിത്സയിലുണ്ടായിരുന്ന 158പേർക്ക് കോവിഡ് നെഗറ്റീവായി. നിലവിൽ 1191 പേരാണ് ചികിത്സയിലുള്ളത്. കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം 537 ആണ്

വീടുകളിൽ 9150 പേരും സ്ഥാപനങ്ങളിൽ 517 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 9667 പേരാണ്. പുതിയതായി 593 പേരെ കൂടി നിരീക്ഷണത്തിലാക്കി. സെന്റിനൽ സർവ്വേ അടക്കം പുതിയതായി 2470 സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചു.1020 പേരുടെ പരിശോധനാ ഫലം ലഭിക്കാനുണ്ട്. 714 പേർ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി. പുതിയതായി ആശുപത്രികളിലും മറ്റു കോവിഡ് കെയർ സെന്ററുകളിലുമായി 164 പേർ നിരീക്ഷണത്തിൽ പ്രവേശിക്കപ്പെട്ടു. ആശുപത്രികളിൽ നിന്നും കോവിഡ് കെയർ സെന്ററുകളിൽ നിന്നും 158 പേരെ ഡിസ്ചാർജ് ചെയ്തു.

135765 പേർക്കാണ് ജില്ലയിൽ ഇതുവരെ കോവിഡ് സ്ഥിരീകരിച്ചത്. 133453പേർക്ക് ഇതുവരെ കോവിഡ് നെഗറ്റീവായി.

# റോഡ് പണിയിലെ കൃത്രിമം: നാട്ടുകാർ പോരാട്ടം തുടർന്നതോടെ കരാറുകാരൻ കീഴടങ്ങി

*റോഡ് നിർമ്മാണത്തിലെ കൃത്രിമം അധികൃതർ പരിശോധിച്ചപ്പോൾ*

മഞ്ചേശ്വരം: അനീതിക്കെതിരെ നാട്ടുകാർ പോരാട്ടം തുടർന്നപ്പോൾ കരാറുകാരൻ മുട്ടുമടക്കി.57,98,642 രൂപ ചെലവിൽ തൂമിനാട് -പദവ് റോഡിന്റെ 685 മീറ്റർ ഭാഗം കോൺക്രീറ്റ് ചെയ്തതിലെ തരികിടക്കെതിരെ 2016-17ൽ നാട്ടുകാർ ആരംഭിച്ച പോരാട്ടത്തെത്തുടർന്നാണ് നാലു വർഷത്തിനു ശേഷം തെറ്റു തിരുത്താൻ കരാറുകാരൻ സമ്മതിച്ചത്.

നാലു വർഷം മുമ്പ് റോഡിന്റെ കോൺക്രീറ്റിംഗ് ആരംഭിച്ചപ്പോൾത്തന്നെ തിരികിട പ്രകടമായതിനെത്തുടർന്നു നാട്ടുകാരായ രാജേഷ്, ശ്രീധര, മുനീർ എന്നിവരുടെ നേതൃത്വത്തിൽ ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു കൃത്രിമത്തിനെതിരെ വിജിലൻസിനു പരാതി കൊടുത്തു. വിജിലൻസ് എത്തി തകരാറായ ഭാഗം സിമന്റ് പൂശി ശരിപ്പെടുത്താൻ കരാറുകാരനോടു നിർദ്ദേശിക്കുകയായിരുന്നത്രേ. അധികൃത നിലപാടിൽ പ്രതിഷേധിച്ചു നാട്ടുകാർ ജില്ലാ കളക്ടർക്കു പരാതികൊടുത്തു. കളക്ടർ അതിനെക്കുറിച്ചന്വേഷിക്കാൻ കാസർകോട് വികസന പാക്കേജ് സെക്രട്ടറി രാജ്മോഹൻ, എഞ്ചിനീയർമാരായ മുഹമ്മദ് അഷ്റഫ്, ജോസഫ് ജോൺ എന്നിവരോടു നിർദ്ദേശിച്ചു. ആക്ഷൻ കമ്മിറ്റിയുടെയും കരാറുകാരന്റെയും നേതൃത്വത്തിൽ നടത്തിയ റോഡ് പരിശോധനയിൽ കൃത്രിമം കണ്ടെത്തിയതോടെ റോഡ് പുനർനിർമ്മിക്കാൻ കരാറുകാരൻ സന്നദ്ധത പ്രകടിപ്പിക്കുകയുമായിരുന്നെന്നു പറയുന്നു. പഞ്ചായത്ത് പ്രസിഡന്റ് ജീൻ ലവീന മന്ദേരോയും സംഘത്തോടൊപ്പമുണ്ടായിരുന്നു.

*തെരുവത്ത് നടന്ന ടി ഉബൈദ് അനുസ്മരണം സുറാബ് ഉദ്ഘാടനം ചെയ്യുന്നു*

## കവി ഉബൈദിനെ മാപ്പിളപ്പാട്ടുകാരനായി തളച്ചിടുന്നത് അനീതി: സുറാബ്

കാസർകോട്: കവി ടി ഉബൈദിനെ മാപ്പിളപ്പാട്ടെഴുത്തുകാരനായി തളച്ചിടുന്നത് അനീതിയാണെന്ന് എഴുത്തുകാരൻ സുറാബ് പറഞ്ഞു. കേരള മാപ്പിള കലാ അക്കാദമി ജില്ലാ കമ്മിറ്റി തെരുവത്ത് ഉബൈദ് സ്മാരകത്തിൽ സംഘടിപ്പിച്ച ഉബൈദ് അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സി എ അഹ്മദ് കബീർ, അബ്ദുല്ല, യൂസഫ്, പി എസ് ഹമീദ്, മുജീബ് കമ്പാർ തുടങ്ങിയവർ സംസാരിച്ചു. ഉബൈദ് കവിതകളുടെ ആലാപനവുമുണ്ടായി.

## നബിദിനാഘോഷത്തിന് തുടക്കം

കൊല്ലമ്പാടി: കൊല്ലമ്പാടി ബദ്റുൽ ഹുദാ മദ്രസാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നബിദിനത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന ബഹ്ജത്തു റബീഹ് മതവിജ്ഞാന സദസ്സിനും നബിദിനാഘോഷത്തിനും കൊല്ലമ്പാടി കെ എം അബ്ദുള്ള ഹാജി നഗറിൽ തുടക്കം കുറിച്ചു.കൊല്ലമ്പാടി മർഹും കെ .കെ ഉസ്താദിന്റെ ഖബർ സിയാറത്തോടുകൂടി തുടക്കം കുറിച്ച പരിപാടി കൊല്ലമ്പാടി ഖത്തീബ് ഹനീഫ് ദാരിമി ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡന്റ് എ കെ മുഹമ്മദ് കുഞ്ഞി ഹാജി പച്ചക്കാട് പതാക ഉയർത്തി. മദ്റസ കമ്മിറ്റി പ്രസിഡന്റ് മൊയ്തീൻ കൊല്ലമ്പാടി ആധ്യക്ഷം വഹിച്ചു. സെക്രട്ടറി ഇബ്രാഹിം തവക്കൽ സ്വാഗതം പറഞ്ഞു. കെ എം ഹമീദ് ഹാജി, കെ എം അബ്ദുൽ റഹ്മാൻ ഹാജി, സത്താർ ഹാജി ടി എസ് അബ്ദുള്ള, ഖാലിദ് പച്ചക്കാട്, മുഹമ്മദ് റിയാസ്, ,കെ എസ് അബ്ദുള്ള ഹാജി, സൈനുദ്ധീൻ, ലത്തീഫ് കൊല്ലമ്പാടി,യാസർ അറഫാത്ത് അസ്ഹരി, ഹുസൈൻ മൗലവി, മജീദ് മൗലവി,അഷ്റഫ് അസ്ഹരി, ശറഫുദ്ധീൻ മൗലവി,അബൂബക്കർ ബാഖവി തുടങ്ങിയവർ സംബന്ധിച്ചു.പരിപാടിയോടനുബന്ധിച്ച് മജീദ് ബാഖവി തളങ്കര, അൻവർ അലി ഹുദവി, ഫാറൂഖ് ദാരിമി കൊല്ലമ്പാടി, ഖാദർ സഅദി കൊല്ലമ്പാടി തുടങ്ങിയവരുടെ പ്രഭാഷണവും രണ്ട് ദിവസത്തെ വിദ്യാർത്ഥി ഫെസ്റ്റും നടക്കും.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4415
പവന്: 35320
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

## വിഎം കുട്ടിയുടെ നിര്യാണത്തിൽ അനുശോചിച്ചു

കാസർകോട്:മാപ്പിളപ്പാട്ട് ഗായകൻ വിഎം കുട്ടിയുടെ നിര്യാണത്തിൽ കേരളമാപ്പിള കലാ അക്കാദമി സംസ്ഥാന ജനറൽ സെക്രട്ടറി ആരിഫ് കാപ്പിൽ,സെക്രട്ടറി മുജീബ് കമ്പാർ,ജില്ലാ പ്രസിഡണ്ട് റഊഫ് ബായിക്കര,ജനറൽ സെക്രട്ടറി സി എ അഹ്മദ് കബീർ,ഭാരവാഹികളായ മുഹമ്മദലി മാസ്റ്റർ,എംഎ നജീബ്,അബ്ദുല്ല പടന്ന,യൂസഫ് കട്ടത്തടുക്ക,മാഹിൻ മൊഗ്രാൽ,അബ്ദുൽ ഖാദർ വിൽറോഡി,എ പി ശംസുദ്ധീൻ,ശരീഫ് കാപ്പിൽ,ശാഫി ചേരൂർ,ശഫീഖ് മെട്ടമ്മൽ,ഇസ്മായിൽ തങ്കയം,മൂസാ ബാസിത് അനുശോചിച്ചു

*കേരള എൻ ജി ഒ അസോ. ജില്ലാ കമ്മിറ്റി നടത്തിയ കളക്ട്രേറ്റ് മാർച്ച് സംസ്ഥാന സെക്രട്ടറി വി ദാമോദരൻ ഉദ്ഘാടനം ചെയ്യുന്നു*

# ടാങ്കറും ലോറിയും കൂട്ടിയിടിച്ച് രണ്ട് പേർക്ക് പരിക്കേറ്റു

*പൊസോട്ടിലുണ്ടായ അപകടത്തിൽ തകർന്ന മിനിലോറിയും ടാങ്കറും*

മഞ്ചേശ്വരം: ദേശീയപാതയിൽ ടാങ്കർ ലോറിയും മിനിലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ടുപേർക്ക് പരിക്കേറ്റു. ഇന്നലെ വൈകിട്ടാണ് പൊസോട്ടിൽ ഇരുവാഹനങ്ങൾകൂട്ടിയിടിച്ചത്. സാരമായി പരുക്കേറ്റ മിനിലോറി ഡ്രൈവർ കണ്ണൂർ അഴിക്കോട് സ്വദേശി മുഹമ്മദ് നിസാദി(23)നെ മംഗളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാസർകോടു നിന്ന് മംഗളൂരു ഭാഗത്തേക്കു പോവുകയായിരുന്ന ടാങ്കർ ലോറിയും എതിർഭാഗത്ത് നിന്ന് വരികയായിരുന്ന മിനിലോറിയുമാണ് കൂട്ടിയിടിച്ചത്. അപകടത്തെ തുടർന്ന് മിനിലോറി റോഡരികിലെ പാടത്തേക്കു മറിയുകയായിരുന്നു. നാട്ടുകാരും അഗ്നിരക്ഷാ സേനാംഗങ്ങളും പൊലീസും സ്ഥലത്തെത്തി. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി. അപകടത്തെ തുടർന്ന് ദേശീയപാതയിൽ അൽപനേരം ഗതാഗതം സ്തംഭിച്ചു.

# അപകടഭീഷണിയുയർത്തുന്ന മരങ്ങൾ മുറിച്ചു നീക്കുന്നതിന് അടിയന്തിര നടപടി:കളക്ടർ

കാസർകോട്: കനത്ത മഴ തുടരുന്ന ജില്ലയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ജില്ലാ മജിസ്ട്രേറ്റു കൂടിയായ ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് നിർദേശിച്ചു. സംസ്ഥാന, ദേശീയ പാതയോരങ്ങളിലുൾപ്പെടെ അപകടഭീഷണിയുയർത്തുന്ന മരങ്ങൾ മുറിച്ചു മാറ്റണമെന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ ആവശ്യപ്പെട്ടു. ആവശ്യമായ പരിശോധനകൾ നടത്തി അടിയന്തിര നടപടി സ്വീകരിക്കാൻ വനംവകുപ്പ്, പൊതുമരാമത്ത് , അഗ്നി രക്ഷാ സേന വിഭാഗങ്ങൾക്ക് നിർദേശം നൽകി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പു വരുത്തും. കാലതാമസമില്ലാതെ പ്രശ്നം പരിഹരിക്കുന്നതിന് ആർഡിഒക്കും സബ് കളക്ടർക്കും നിർദേശം നൽകി. ആവശ്യമെങ്കിൽ പ്രാദേശിക സഹായം ലഭ്യമാക്കാമെന്ന് തദ്ദേശ സ്ഥാപന പ്രതിനിധികൾ അറിയിച്ചു.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ തീരദേശത്തും, മലയോര മേഖലയിലും ജാഗ്രതാ നിർദേശം നൽകി. മണ്ണിടിച്ചിൽ ഭീഷണിയുള്ളതിനാൽ മലയോര പ്രദേശങ്ങളിൽ രാത്രിയാത്ര പരമാവധി ഒഴിവാക്കണം. ചന്ദ്രഗിരി, പയസ്വിനി, തേജസ്വിനി പുഴകളിൽ ജലനിരപ്പ് ഉയർന്നു തുടങ്ങി' താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ടിന് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം

മത്സ്യബന്ധനത്തിന് കടലിൽ പോകുന്നത് നിരോധിച്ചിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുകയാണെങ്കിൽ മൊഗ്രാൽ പുത്തൂരിലെ അഴിമുഖവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന് ഇറിഗേഷൻ വകുപ്പിനും യോഗം നിർദേശം നൽകി. നിലവിൽ എല്ലാ താലൂക്കുകളിലും ഐ ആർ എസ് യോഗം ഓൺലൈനിൽ അടിയന്തിരമായി വിളിച്ചു ചേർക്കാനും നിർദേശം നൽകി

യോഗത്തിൽ എ ഡി എം എ കെ രമേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.ബേബി ബാലകൃഷ്ണൻ പഞ്ചായത്ത് മുൻസിപ്പൽ അധ്യക്ഷന്മാർ സെക്രട്ടറിമാർ ഡപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ, ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തു.

*മുഹിമ്മാത്ത് മദ്ഹുറസൂൽ പ്രവാചക പ്രകീർത്തനത്തിന്റെ നാലാം ദിവസം സയ്യിദ് അഹ്മദ് കബീർ ജമലുല്ലൈലി തങ്ങൾ ഉൽബോധനം നടത്തുന്നു*

## മെട്രോ സ്മരണിക ബ്രോഷർ പ്രകാശനവും അനുസ്മരണവും നാളെ

കാഞ്ഞങ്ങാട്: കേരള സംസ്ഥാന ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി പുറത്തിറക്കുന്ന മെട്രോ മുഹമ്മദ് ഹാജി സ്മരണികയുടെ ബ്രോഷർ പ്രകാശനവും അനുസ്മരണവും നാളെ വൈകിട്ട് അഞ്ച് മണിക്ക് ചിത്താരി മെട്രോ കോമ്പൗണ്ടിൽ നടക്കും. ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി സംസ്ഥാന ചെയർമാൻ സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ മുഖ്യാതിഥിയാകും. മെട്രോ മുഹമ്മദ് ഹാജി സ്മരണാർഥം ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി ഏറ്റടുക്കുന്ന വിദ്യാഭ്യാസ പദ്ധതികളുടെ പ്രഖ്യാപനവും സ്വാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിക്കുമെന്നും ജില്ലാ ചെയർമാൻ മുഹമ്മദ് ഇബ്രാഹിം പാവൂർ, ജന.സെക്രട്ടറി സി മുഹമ്മദ് കുഞ്ഞി എന്നിവർ അറിയിച്ചു.

## മരുമകന്റെ കുത്തേറ്റ് അച്ഛനും മകനും മരിച്ചു

തിരു: വാക്കു തർക്കത്തിനിടയിൽ മരുമകന്റെ കുത്തേറ്റ് അച്ഛനും മകനും കൊല്ലപ്പെട്ടു. പൂജപ്പുര സ്വദേശി സുനിൽ, മകൻ അഖിൽ എന്നിവരാണ് മരിച്ചത്. സംഭവത്തിൽ സുനിലിന്റെ മകളുടെ ഭർത്താവ് അരുണിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.ഇന്നലെ രാത്രി എട്ടുമണിയോടെയാണ് സംഭവം. വീട്ടിലെത്തിയ അരുൺ വാക്കു തർക്കത്തിലേർപ്പെടുകയും ഇതിനിടയിൽ ഇരുവരെ കുത്തിപ്പരിക്കേൽപ്പിക്കുകയുമായിരുന്നു. സുനിലിന്റെ കഴുത്തിലും അഖിലിന്റെ നെഞ്ചിലുമാണ് കുത്തേറ്റത്. ഇരുവരെയും ഉടൻ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# ആർ എസ് എസ് എസ് ജന്മദിനം; ത്രിദിന പഥ സഞ്ചലനങ്ങൾക്കു ഇന്നു തുടക്കം

കാഞ്ഞങ്ങാട്: ആർ എസ് എസ് ജന്മദിനാഘോഷത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് സംഘ ജില്ലയിലെ അൻപതു കേന്ദ്രങ്ങളിൽ പഥ സഞ്ചലനം നടക്കും. കോവിഡ് പശ്ചാത്തലത്തിൽ പരിമിതമായ പ്രവർത്തകരാണ് പങ്കെടുക്കുകയെന്ന് ആർ എസ് എസ് പയ്യന്നൂർ ജില്ലാ അധികൃതർ അറിയിച്ചു. ഇന്നു മുതൽ മൂന്നു ദിവസങ്ങളിലാണ് പരിപാടി.

ബന്തടുക്ക, പടുപ്പ്, കുണ്ടംകുഴി, കുറ്റിക്കോൽ, പറമ്പ്, പെർളടുക്കം, അടുക്കത്തുബയൽ, പരവനടുക്കം, ശംഭുനാട്, പള്ളിപ്പുറം, അച്ചേരി, പൂച്ചക്കാട്, ചിത്താരി കടപ്പുറം, നെല്ലിയടുക്കം, കുടാനം, കേളോത്ത്, പുല്ലൂർ, ഉദയനഗർ, മീങ്ങോത്ത്, മാണിക്കോത്ത്, പടിഞ്ഞാറേക്കര, പൊയ്യക്കര, കാഞ്ഞങ്ങാട്, കുശാൽ നഗർ, കല്ലൂരാവി, ഉദയംകുന്ന്, പുതിയ കണ്ടം, വെള്ളിക്കോത്ത്, നെല്ലിത്തറ, വാഴക്കോട്, കോട്ടപ്പാറ, മുണ്ടോട്ട്, പറക്കളായി, തായങ്കര, ഏച്ചിക്കാനം, കോതോട്ട്പ്പാറ, പൊടവടുക്കം, കള്ളാർ, കൊട്ടോടി, പരപ്പ, അടോട്ട്കയ, ചാമുണ്ഡിക്കുന്ന്, പാണത്തൂർ, നീലേശ്വരം, കുമ്പളപ്പള്ളി, പിലിക്കോട്, ചീമേനി, നെല്ലിയടുക്കം, തൈക്കടപ്പുറം, മാലോം തുടങ്ങിയ സ്ഥലങ്ങളിലാണ് പഥ സഞ്ചലനം. ആർ എസ് എസ് പ്രാന്തീയ കാര്യ സദസ്യൻ ബി കെ വിശ്വനാഥൻ, ഭാരതീയ വിചാര കേന്ദ്രം സംസ്ഥാന സംഘടനാ സെക്രട്ടറി ബി മഹേഷ്, വിശ്വഭാരതി ക്ഷേത്രീയ അധികാരി എ സി ഗോവിന്ദ് തുടങ്ങിയവർ സംബന്ധിക്കും.

*കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ നടന്ന മാനവ സൗഹൃദ സദസ് കാഞ്ഞങ്ങാട്ട് രാജ്മോഹൻ ഉണ്ണിത്താൻ എം പി ഉദ്ഘാടനം ചെയ്യുന്നു*

# മാനവ സൗഹൃദ സദസ്സുകൾ ബന്ധങ്ങൾ ശക്തമാക്കും: രാജ്മോഹൻ ഉണ്ണിത്താൻ

കാഞ്ഞങ്ങാട്: മാനവ സൗഹൃദ സദസ്സുകൾ ബന്ധങ്ങൾ ശക്തമാക്കുമെന്നും സംശയത്തിന്റെയും വെറുപ്പിന്റെയും വ്യാപനം തടയുവാൻ ഇതു സഹായിക്കുമെന്നും രാജ്മോഹൻ ഉണ്ണിത്താൻ എം. പി.പ്രസ്താവിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനം മുതൽ നെഹ്റു ജയന്തി ദിനം വരെ സംസ്ഥാനത്തു നടത്തുന്ന 101 മാനവ സൗഹൃദ സദസ്സുകളുടെ ഭാഗമായി ജില്ലയിൽ നടത്തുന്ന സദസ്സുകളുടെ ഉദ്ഘാടനം കാഞ്ഞങ്ങാട് സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം ഡോ. പ്രകാശ് പി.തോമസ് ആധ്യക്ഷം വഹിച്ചു.

സ്വാമി വിശ്വാനന്ദ സരസ്വതി, ഫാ.തോംസൺ കൊറ്റിയാത്ത്, സി.പി.സലിം, ബി. ജെ.പി സംസ്ഥാന സെക്രട്ടറി അഡ്വ.കെ . ശ്രീകാന്ത്, ഡി.സി.സി.പ്രസിഡന്റ് പി. കെ.ഫൈസൽ, സി.പി.എം. ജില്ലാ കമ്മറ്റി അംഗം അഡ്വ. പി.അപ്പുക്കുട്ടൻ, റവ. ബിനു സി.ജോൺ, റവ. സജിത് ദാസ് കോറോത്ത് പ്രസംഗിച്ചു. പങ്കെടുത്തവർ മാനവ സൗഹൃദ പ്രതിജ്ഞയെടുത്തു.

## അർച്ചന പാടി; സദസ്സ് ഭക്തി ലഹരിയിൽ ആറാടി

*പേരോൽ ഗണേശമന്ദിരത്തിൽ നടന്ന ഭജന.*

നീലേശ്വരം: ഏഴുവയസുകാരിയുടെ നാദമധുരിമ സദസ്സിനെ ഭക്തിയുടെ ആനന്ദലഹരിയിലാറാടിച്ചു. പേരോൽ ശ്രീഗണേശ മന്ദിരത്തിൽ മാതൃസമിതിയുടെ നേതൃത്വത്തിൽ നടന്ന ഭജനയാണ് കാണികൾക്കും ശ്രോതാക്കൾക്കും നവ്യാനുഭവമായത്. നവരാത്രിയാഘോഷ ഭാഗമായാണ് ഏഴുവയസ്സുകാരിയായ അർച്ചനയുടെ നേതൃത്വത്തിൽ ഭജനയവതരിപ്പിച്ചത്. മൂന്നുതലമുറകളിൽപെട്ട 16 പേർ ഭജനയിൽ ഗീതങ്ങളാലപിച്ചു. പേരോൽ ജി എൽ പി സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയായ അർച്ചന, കെ എസ് എഫ് ഇ കാഞ്ഞങ്ങാട് ബ്രാഞ്ച് ഉദ്യോഗസ്ഥൻ വിജയന്റെയും സുധയുടെയും മകളാണ്.

## കോവിഡ്; ലോട്ടറി വിൽപ്പനക്കാരൻ മരിച്ചു

നീലേശ്വരം: കോവിഡ് ബാധിച്ച് തെക്കിൽ ടാറ്റ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ലോട്ടറി വിൽപ്പനക്കാരൻ മരിച്ചു.

കരിന്തളം, കുമ്പളപ്പള്ളി പുല്ലുമലയിലെ പി രാഘവൻ (65)ആണ് മരിച്ചത്. പരേതരായ രാമൻ പുതിയേടത്ത്-മുത്താണി ദമ്പതികളുടെ മകനാണ്. ഭാര്യമാർ: കെ വി ലക്ഷ്മി, കാർത്യായനി. മക്കൾ: രാജേഷ്, രതീഷ്, രമ്യ. മരുമകൻ: സുഭാഷ് ചെറുപുഴ. സഹോദരങ്ങൾ: പത്മിനി, ജാനകി, രാധ, യശോദ, മോഹനൻ, പരേതനായ ബാലചന്ദ്രൻ.

VEHICLES FOR AUCTION

| VEHICLE NO | VEHICLE DESCRIPTION | YEAR OF MANUFACTURING |
|---|---|---|
| KL60J 1912 | MAHINDRA MAXXIMO-P | 2015 |
| KL14H-8018 | TATA SFC 407-6 WHEEL FBT | 2009 |

AUCTION DATE: 14-10-2021 TIME: 9.30 AM
AUCTION PLACE: SHRIRAM AUTOMAL YARD
MANJAKULAM, MEPAYUR, IRINGATH POST, VADAKARA

BRANCH ADDRESS:
SHRIRAM TRANSPORT FINANCE CO LTD
2ND FLOOR, SM COMPLEX, NEAR KSRTC BUS STAND,
PERUMBA, PAYYANNUR, KANNUR-670307. 9846959031
SHRIRAM TRANSPORT FINANCE CO LTD
KASARAGOD BRANCH. 9846959031

Vol -28, Issue No -210 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com